4

# അവന്റെ സ്വയ - അറിവു പ്രതിഫലിപ്പിക്കുന്നതാണ് ഭൂമിയിലെ പുത്രന്റെ ദൈവികത്വം

യേശുവിന്റെ ദൈവികത്വത്തിന്റെ ഒരു മേഖല അവന്റെ ദൈവിക അറിവാണ്. യേശുവിന്റെ വ്യക്തി ജീവിതത്തെക്കുറിച്ചു നമുക്കു വളരെ കുറച്ചുഅറിയാമെങ്കിലും, സുവിശേഷ വിവരങ്ങളിലൂടെ നല്കുന്ന ഉൾക്കാഴ്ച്ചയനുസരിച്ചു അവൻ തന്റെ ദൈവികത്വം അറിഞ്ഞിരുന്നു. അവൻ തന്റെ ശുശ്രൂഷയിൽ, തന്റെ സർവ്വജ്ഞാനവും സർവ്വശക്തിയും ഉപകരണങ്ങളായി ഉപയോഗിച്ചിരുന്നു. ഒരു വീണ്ടെടുപ്പുകാരൻ എന്ന പങ്കു നിർവ്വഹിക്കുമ്പോൾ അതു നിറവേറ്റുമ്പോൾ എന്തു സംഭവിക്കും എന്നു അവൻ അറിഞ്ഞിരുന്നു - മറ്റുള്ളവരുടെ ചിന്തികളും പ്രവൃത്തികളും, വർത്തമാനകാലത്തിലെയും ഭാവിയിലേയും അവനു അറിയാം.

### തന്റെ പിതാവിനോടുള്ള ബന്ധത്തെക്കുറിച്ചുള്ള അവന്റെ അറിവു

ബാല്യം മുതൽ, ഏതാണ്ട് *ബാർമിറ്റ്സ്വാ* പ്രാരംഭത്തിൽ,[1] തന്റെ പിതാവിന്റെ പദ്ധതികൾ യേശു അറിഞ്ഞിരുന്നു. യോസേഫും മറിയയും അവനെ ദൈവാലയത്തിൽ കണ്ടപ്പോൾ, താഴെകൊടുത്ത സംഭാഷണം നല്കുന്നു:

> ... "മകനേ, ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്തു? അതിന്റെ, അപ്പനും ഞാനും വ്യസനിച്ചുകൊണ്ടു നിന്നെ തിരഞ്ഞു എന്നു

> പറഞ്ഞു." അവൻ അവരോട്, "എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടു എന്നു നിങ്ങൾ അറിയുന്നില്ലയോ, എന്നു പറഞ്ഞു?" (ലൂക്കൊസ് 2:48–50).

യേശു യോസേഫിനെ കുറിച്ചായിരുന്നില്ല പറഞ്ഞത്. മറിയയുടെ പദപ്രയോഗത്തിനെതിരായിട്ടായിരുന്നു "നിങ്ങൾ പിതാവു." അവന്റെ വാക്കുകൾ "എന്റെ പിതാവു" എന്നായിരുന്നു. തന്റെ സ്വർഗ്ഗീയ പിതാവിനോടുള്ള ബന്ധവും യേശുവിന്നു അറിയാമായിരുന്നു: ലോകം പ്രതീക്ഷിച്ചതു മറ്റൊന്നായിരുന്നു!

യേശുവിന്റെ ദൈവികത്വ വെളിച്ചത്തിൽ പിതാവു/പുത്രൻ ബന്ധം എന്താണ് അർത്ഥമാക്കുന്നത്? മറ്റൊരവസരത്തിൽ അവൻ പറഞ്ഞു, "*എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇഛിക്കുന്നവനും അല്ലാതെ, ആരും പിതാവിനെ അറിയുന്നില്ല*" (മത്തായി 11:27; എംഫസിസ് മൈൻ). ഇതു സർവ്വവും ഉറപ്പിക്കുന്നതാണ് ("സകലവും") പ്രത്യേകമായി ("പിതാവല്ലാതെ ... പുത്രൻ അല്ലാതെ"). ഏറ്റവും അടുത്ത, ദൈവിക ബന്ധമാണ് പ്രത്യേകമായി പിതാവു/പുത്ര ബന്ധം പിതാവിന്നു പുത്രനോടുള്ള ഈ ബന്ധമാണ്. പുത്രനു പിതാവിനെ താൻ ഇഛിക്കുന്നവനു വെളിപ്പെടുത്തികൊടുപ്പാനുള്ള കഴിവു ലഭിച്ചത്.[2]

യേശുതന്റെ ശിഷ്യന്മാർക്കുനല്കിയ ചില സൂചനകളിൽ ഈ "ദൈവിക മുൻകൈ എടുക്കൽ" അടങ്ങിയിട്ടുണ്ട്. ഉദാഹരണമായി, തോമസിന്റെ ചോദ്യത്തിനു മറുപടി പറയുന്നുണ്ട് താൻ ആയിരുന്നു (ആണ്) പിതാവിങ്കലേക്കുള്ള ഏക വഴി എന്ന്. അപ്പോൾ, ഫിലിപ്പൊസ് അവനോടു, ഞങ്ങൾക്കു പിതാവിനെ കാണിച്ചു തന്നാൽ മതി എന്നു പറഞ്ഞു. അതിനു യേശുവിന്റെ പ്രതികരണം അവന്റെ ദൈവികത്വത്തെക്കുറിച്ചുള്ള അറിവിന്റെ മനോഹര മാതൃകയാണ്:

> *എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ "ഞങ്ങൾക്കു കാണിച്ചു തരേണം" എന്നു നീ പറയുന്നത്, എങ്ങനെ? ഞാൻ പിതാവിലും, പിതാവു എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയൊ?* ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്, പിതാവു എന്നിൽ വസിച്ചുകൊണ്ടുതന്റെ പ്രവൃത്തിചെയ്യുന്നു. *ഞാൻ പിതാവിലും പിതാവു എന്നിലും എന്നു എന്നെ വിശ്വസിപ്പിൻ, അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ* (യോഹന്നാൻ 14:9–11; എംഫസിസ് മൈൻ).

*താൻ പിതാവല്ല* എന്നു അവൻ അറിഞ്ഞിരുന്നു; *അവൻ പിതാവിന്റെ പുത്രനാണ്* എന്നു അവൻ അറിഞ്ഞിരുന്നു. രണ്ടും അടുത്തു ബന്ധപ്പെട്ടിരിക്കുന്നതു ഒരാളെ കാണുന്നതു മറ്റെയാളെ കാണുന്നതു പോലെയാണ്; പുത്രനെ കേൾക്കുക എന്ന പറഞ്ഞാൽ പിതാവിനെ

കേൾക്കുക എന്നാണ്.

പിന്നീട് യേശു കുറച്ചുകൂടെ വ്യക്തമായി പിതാവു ചെയ്യുന്നതു ഒക്കെയും പുത്രനും ചെയ്യുന്നു എന്നു പറഞ്ഞു കാരണം അവർ അന്യോന്യം അറിഞ്ഞിരുന്നു. ജീവനും ന്യായവിധിയും പുത്രനും പിതാവു നല്കി; അതുകൊണ്ടു, പിതാവിനെയും പുത്രനെയും ബഹുമാനിക്കേണ്ടതാകുന്നു:

> ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞതു, "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, പിതാവു ചെയ്തു കാണുന്നതു അല്ലാതെ പുത്രന്നു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുകയില്ല; അവൻ ചെയ്യുന്നതു എല്ലാം പുത്രനും അവ്വണ്ണംതന്നേ ചെയ്യുന്നു. പിതാവു പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നതു ഒക്കെയും അവന്നു കാണിച്ചുകൊടുക്കയും ചെയ്യുന്നു; നിങ്ങൾ ആശ്ചര്യപ്പെടുമാറു ഇവയിൽ വലിയ പ്രവൃത്തികളും അവന്നു കാണിച്ചു കൊടുക്കും. പിതാവു മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതു പോലെ പുത്രനും താൻ ഇഛിക്കുന്ന വരെ ജീവിപ്പിക്കുന്നു. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടിതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല ..." (യോഹന്നാൻ 5:19–23).

അവന്റെ പിതാവു, ദൈവം ആയിരിക്കുന്നു എന്ന അടിസ്ഥാനത്തിന്മേലാണ് യേശുവിന്നു തന്റെ പിതാവുമായിട്ടുള്ള, ബന്ധത്തിന്റെ അറിവു.

## അവന്റെ ദൈവിക ജ്ഞാനത്തെക്കുറിച്ചുള്ള അവന്റെ അറിവു

മനുഷ്യർക്കുപരിയായ അറിവു യേശുവിനുണ്ടായിരുന്നു എന്നതാണ് പരിഗണിക്കേണ്ട മേഖല. ഇതു പലപ്പോഴായി സുവിശേഷങ്ങളിൽ ആവർത്തിച്ചു വിവരിക്കുന്നതുകൊണ്ട് കണ്ടില്ലെന്നു വന്നേക്കാം.

മർക്കൊസിന്റെ സുവിശേഷത്തിൽ നിന്നു പല ഉദാഹരണങ്ങളും നമുക്കു ശ്രദ്ധിക്കാം. (1) ഒരു പക്ഷവാതരോഗിയെ നാലു ചേർച്ചവന്നു യേശുവിന്റെ അടുക്കൽ സൗഖ്യമാക്കുവാൻ കൊണ്ടുവന്നപ്പോൾ, മർക്കൊസ് 2:8 പറയുന്നു ചില ന്യായപ്രമാണ ഉപദേഷ്ടാക്കന്മാർ സംസാരിക്കുന്നതിനു മുൻപു തന്നെ അവരുടെ ചിന്ത യേശു അറിഞ്ഞിരുന്നു എന്നാണ്. (2) താൻ ന്യായശാസ്ത്രിമാർ, മൂപ്പന്മാർ, മഹാപുരോഹിതന്മാർ എന്നിവരാൽ ത്യജിക്കപ്പെടും എന്നു യേശു തന്റെ ശിഷ്യന്മാരോടു ഉപദേശിപ്പാൻ തുടങ്ങി. *അവനെ കൊല്ലുകയും, അവൻ മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും ചെയ്യും* (8:31; 9:9, 31; 10:33, 34). (3) ദൈവരാജ്യം ശക്തിയോടുകൂടെ വരുന്നതു

കാണുവോളം മരിക്കാത്ത ചില സമകാലികൾ ഉണ്ടായിരിക്കും എന്നു യേശു മുന്നറിയിച്ചിരുന്നു (9:1). (4) ചില ശിഷ്യന്മാർക്കു സംഭവിപ്പാനിരിക്കുന്ന ഉപദ്രവത്തെയും മരണത്തെയുകുറിച്ചു അവൻ പറഞ്ഞിരുന്നു (10:39). (5) തന്റെ ശുശ്രൂഷയുടെ ഫലത്തെ അവൻ മുൻകണ്ടിരുന്നു (11:2–6). (6) യേശുവിനോടു ചോദ്യം ചോദിച്ചവരുടെ അന്തർവിചാരങ്ങളും മനോഭാവങ്ങളും മനസ്സിലാക്കിയായിരുന്നു യേശു മറുപടി പറഞ്ഞത് (12:13–17). (7) ദൈവാലയത്തിനു വരാനിടയുള്ള നാശവും ശേഷമുള്ള പരിണാമവും യേശു ചിത്രം പോലെ വരച്ചു വിശദീകരിച്ചു (13:1–23). (8) യൂദാ അവനെ ഒറ്റിക്കൊടുക്കുമെന്നും, പത്രൊസ് അവനെ മൂന്നു പ്രാവശ്യം തള്ളിപ്പറയും എന്നും അപ്പൊസ്തലന്മാർ *എല്ലാ*വരും "ഇടറിപ്പോകും" എന്നും യേശു മുന്നറിഞ്ഞിരുന്നു (14:17–21, 27, 30).

യെശുവിനുണ്ടായിരുന്ന അറിവു സാധാരണ മനുഷ്യരേക്കാൾ ഉപരിയായിരുന്നതു പ്രവാചകന്മാർ അവനെകുറിച്ചു പ്രവചിച്ചിരുന്നതായിരുന്നു എന്നു ഒരാൾക്ക് എത്തിച്ചേരാം, യേശുവിന്റെ അസാമാന്യമായ അറിവുതന്റെ സർവ്വ ജ്ഞാനം - വെറും പ്രവചനവരമായിരുന്നില്ല, - അവന്റെ ദൈവികത്വത്തിന്റെ അനന്തരഫലമായിരുന്നു: "പിതാവിനുള്ളതു ഒക്കെയും എനിക്കുള്ളത്; അതുകൊണ്ടത്രെ, അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു അറിച്ച തരും എന്നു, ഞാൻ പറഞ്ഞത്" (യോഹന്നാൻ 16:15; കൂടാതെ യോഹന്നാൻ 16:30; 17:10; 21:17; മുതലായവ).

യേശു എങ്ങനെ തന്നെത്തന്നെ പൂർണ്ണമായും അറിഞ്ഞിരുന്നു എന്നു തയ്യാറാക്കിയതു നാം ശ്രദ്ധിച്ചും തിരഞ്ഞെടുക്കപ്പെട്ടവൻ (മശിഹ). ദൈവപുത്രൻ എന്ന യേശുവിന്റെ തിരിച്ചറിയലും അവൻ അറിഞ്ഞിരുന്നു. എന്നതും നാം കണ്ടു താൻ എങ്ങനെ മശിഹാത്വവും പുത്രത്വവും എങ്ങനെ പശ്ചാതലത്തിൽ സൂക്ഷിച്ചു എന്നും കണ്ടു (മർക്കൊസ് 8:30; മത്തായി 16:20). ശ്രദ്ധേയമായ "സമയവിവര പട്ടിക" അനുസരിച്ചു തന്റെ തിരിച്ചറിവു അവൻ എങ്ങനെ വെളിപ്പെടുത്തി എന്ന് നാം അടുത്തതായി കാണാം.

---

കുറിപ്പുകൾ

[1]മിൽട്ടെൻ സ്റ്റെയിൻബെർഗ്, *ബേസിക് ജൂഡായിസം* (ന്യൂയോർക്ക്: ഹാർകോർട്ട്, ബ്രേസ് ആന്റ് വേൾഡ്, 1947), 133. *ബാർ മിറ്റ്സ്വാ* എന്നത് യെഹൂദന്മാരായ ആൺകുട്ടികൾ മതപരമായി പ്രവേശിക്കുവാനുള്ള പതിമൂന്നു വയസ്സെത്തുന്നതാണ്. വാക്കിന്റെ അർത്ഥം, "നിയമത്തിന്റെ പുത്രൻ" എന്നതു യുവാവിനെ സൂചിപ്പിക്കുന്നു അല്ലെങ്കിൽ ഈ അവകാശത്തെ ആഘോഷിക്കുന്നതു സൂചിപ്പിക്കുന്നു. [2]സി. എഫ്. ജി. ഈ. ലാഡ്, *ഏതിയോളജി ഓഫ് ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയു. എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 166–67. മത്തായി 11:27 നെക്കുറിച്ചു ലാഡ് പറഞ്ഞു, "*പിതാവു പുത്രനെ അറിയുന്നതു പോലെ തന്നെ, പുത്രൻ പിതാവിനെയും അറിയുന്നു ...* അതുകൊണ്ട് അതു ദൈവിക നിലവാരത്തിലുള്ള അറിവും ആണ്" (എംഫസിസ് മൈൻ.)

**മറ്റുള്ളവർ യേശുവിനെ ദൈവമായി കണ്ടോ?**

തന്റെ തന്നെ തിരിച്ചറിവു യേശു അറിഞ്ഞിരുന്നു. യേശുവും മറ്റുള്ളവരും അതു ഏറ്റു പറയുന്നതു അപ്പൊസ്തലന്മാർ കേട്ടിരുന്നു. നാം യേശുവിനെ ദൈവം എന്നു ഏറ്റു പറയുന്നുണ്ട്, എന്നാൽ നാം നേട്ടമുള്ള സ്ഥിതിയിലാണ്. നാം യേശുവിന്റെ കഥമുഴുവൻ കേട്ടു. തിരുവെഴുത്തുകളുടെ മുഴുവൻ വെളിപ്പാടും നാം കേട്ടു. ബൈബിളിന്റെ അവസാനം അറിയുവാൻ നാം കാത്തിരിക്കയുമാണ്.

അവസാനം എങ്ങനെ ആയിരിക്കുമെന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയാത്ത പുസ്തകം വായിച്ചു നിങ്ങൾ കോരിത്തരിക്കാറുണ്ടോ? നിങ്ങൾ വായിക്കുമ്പോൾ അതിലെ സംഭാഷണങ്ങൾ, വിവരണങ്ങൾ, ബന്ധങ്ങൾ എന്നിവയിൽ മറഞ്ഞു കിടക്കുന്ന അർത്ഥം ഗ്രഹിച്ചു അതിന്റെ മനോഹര അന്ത്യം തിരിച്ചറിയുന്നു. അവസാനം എന്തെന്നു മുൻകൂട്ടി അറിഞ്ഞാൽ നമുക്കു തൃപ്തിയുമാകും, എന്നാൽ അവസാനം അറിയാതിരുന്നാൽ ആ പുസ്തകത്തിലെ കഥാപാത്രങ്ങളെതന്നെ നാം മറന്നു പോയേക്കാം. എതുകൊണ്ട് വ്യക്തികൾ അങ്ങനെ പറഞ്ഞു അങ്ങനെ ചെയ്തു എന്നു നാം അതിശയിക്കും. തീർച്ചയായും, അവർ നന്നായി അറിയണം! ഇല്ല. അതെങ്ങനെ അവസാനിക്കുമെന്നു അവർക്കു അറിയില്ല!

തിരുവെഴുത്തുകൾ, നാം വായിക്കുമ്പോൾ എളുപ്പം കൂടുതലും ഊഹിച്ചേക്കാം. നമ്മുടെ കാഴ്ച്ചപ്പാടെന്ന നേട്ടത്തെ നാം തള്ളിവിട്ടേക്കാം. സംഭവത്തിലെ പ്രവൃത്തികളിൽ നിന്നും വാക്കുകളിൽ നിന്നും കഥ, മുഴുവനും നോക്കി ഓരോന്നു പെറുക്കി എടുക്കുവാൻ നോക്കും.

യേശുവിന്റെ പിൻഗാമികളോ അവന്റെ എതിരാളികളോ അവന്റെ ജീവിതത്തെ നോക്കി ഇമ്മാനുവേലിന്റെ തെളിവുകൾ കണ്ടെത്താൻ ഒരുങ്ങിയില്ല – "ദൈവം നമ്മോടുകൂടെ." യേശുവിനെക്കുറിച്ചുള്ള മുഴുവൻ സത്യവും വായിക്കുന്ന, നാം, സത്യത്തിനുവേണ്ടി കാത്തിരിക്കുന്നവരല്ല. അതു നമ്മുടെ മുൻപിൽ തുറക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരാണ്. ഈ തത്വത്തെ നാം കണ്ടില്ലെന്നു നിടക്കരുത്. ഭൂമിയിലേക്കു വരുന്ന നേടത്തെക്കുറിച്ചു യേശു പറഞ്ഞു, അല്ലാതെ ആ കാലത്തിൽ കാണിക്കുവാനല്ല (യോഹന്നാൻ 8:32).

ദൈവശ്വാസിയരല്ലാത്ത ആളുകൾ യേശുവിനെ "യഹൂദന്മാരുടെ രാജാവു," "മശിഹ," "ദൈവപുത്രൻ" എന്നെല്ലാം യേശുവിനെക്കുറിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും ദൈവം എന്ന അർത്ഥത്തിൽ ആകണമെന്നില്ല. യിസ്രായേലിലെ കഴിഞ്ഞകാലം, രാജാക്കന്മാരെ, അഭിഷേകം ചെയ്തിരുന്നു (മശിഹ), കൂടാതെ യിസ്രായേലിനെ മൊത്തത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ''ദൈവമക്കൾ'' എന്നു വിളിച്ചിരുന്നു.

യേശു ദൈവപുത്രൻ മാത്രം ആയിരുന്നില്ല, പുത്രനായ ദൈവവുമായിരുന്നു, എന്നതിനു നിർണ്ണായക തെളിവിനു നാം എവിടേക്കു തിരിയണം? നമുക്കു പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങളിലേക്കു പോകാം; എങ്ങനെയായാലും, നമുക്കു

സുവശേഷങ്ങൾ മാത്രംമതി. അവൻ ദൈവം തന്നെ എന്നതു ബോധ്യമാവാൻ യേശുവിന്റെ വ്യക്തിജീവിതവും ഉപദേശവും നോക്കിയാൽ – അവരേക്കാൾ ഉൾക്കാഴ്ച്ച നമുക്കുണ്ടായതുകൊണ്ടല്ല, പിന്നെയോ നമുക്കു "മുൻപോട്ടു നോക്കുവാൻ" ഭാഗ്യം ലഭിക്കുകയും തുടർന്നുള്ള പുതിയ വെളിപ്പാടുകൾ വായിക്കുവാൻ കഴിയുന്നതുകൊണ്ടാണ്.

---

**"വചനം"**

വാളിനേക്കാൾ ശക്തമാണ് പേന എന്നു ചരിത്രം തെളിയിച്ചിട്ടുണ്ട്. വാക്കുകൾ ചക്രവർത്തിമാരെ നീക്കിയിട്ടുണ്ട്, ആളുകളുടെ സ്വാതന്ത്ര്യത്തെ ഉളവാക്കിയിട്ടുണ്ട്, കുടാതെ ചരിത്രത്തിന്റെ ഗതി പോലും മാറ്റിയിട്ടുണ്ട്.

"വചനത്തിനു" ഗ്രീക്കിൽ മൂന്നു വാക്കുകളുണ്ട്, ഒന്നു, ശബ്ദത്തിന്റെ ഒച്ചയാണ്, മറ്റൊന്നു മാനസികാവസ്ഥ സൂചിപ്പിക്കുന്ന ശബ്ദമാണ്, മൂന്നാമത്തേത് നമ്മുടെ പുസ്തകത്തിലേതാണ്. ലോഗോസ് – എന്നത് പുതിയനിയമത്തിലെ എറ്റവും വലിയ വാക്കുകളിൽ ഒന്നാണ്. പ്രകടനവും ജ്ഞാനവും യോജിച്ചിരിക്കുന്നതാണ് ലോഗോസ്. ഒരു ആശയമോ ഉദ്ദേശമോ അർത്ഥമാക്കുന്നതാണിത്. ഈ ധനികമായ വാക്കു എളുപ്പത്തിൽ ഇംഗ്ളീഷിലേക്കു തർജിമ ചെയ്യാവുന്നതല്ല. യോഹന്നാൻ 1:1 മൊഫാത്ത് ആ വാക്ക് തർജിമ ചെയ്യാതെ വിട്ടിരിക്കയാണ്: "ആദിയിൽ ലോഗോസ് ഉണ്ടായിരുന്നു ലോഗോസ് ദൈവത്തോടുകൂടെ ആയിരുന്നു ലോഗോ ദൈവമായിരുന്നു."

വചനം, ക്രിസ്തുവായി *ശബ്ദത്തിൽ* ദൈവമായിതീർന്നു. "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യ കാലത്തു തന്റെ പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" (എബ്രായർ 1:1, 2). ഇനി പ്രവാചകന്മാർ ദൈവസന്ദേശം വെളിപ്പെടുണ്ടതായിട്ടില്ല. ക്രിസ്തു മുഖാന്തരം, ദൈവം മനുഷ്യനോടു പുതിയതും ജീവിക്കുന്നതുമായ ഭാഷയിൽ – ക്രിസ്തുവിലുള്ള ജീവന്റെ ഭാഷയിലാണത്.

ദൈവമായതുകൊണ്ടു, ദൈവം *ദൃശ്യമായതാണ്* ക്രിസ്തു. ദൈവ വചനമായതുകൊണ്ടു, ക്രിസ്തു ദൈവത്തിന്റെ മനസും ഹൃദയവും പ്രദർശിപ്പിച്ചു. അവൻ ശ്കതനായ, മർമ്മപ്രദനായ, അത്ഭുതവാനായ ദൈവത്തെ വെളിപ്പെടുത്തി.

*100 പോർട്രേയിറ്റ് ഓഫ് ക്രൈസ്റ്റ്*
ഹെന്റി ഗാരീപ്പി

© 2009 Truth for Today